# AMMOI ജില്ലാ പൊതുയോഗം

## കണ്ണൂർ – കാസർകോഡ്





*ഡ്രഗ്ഗ് ഇൻസ്‌പെക്ടർ ഡോ. എ.എൻ. റംസിയ ക്ലാസെടുക്കുന്നു*

AMMOI കണ്ണൂർ കാസർകോഡ് ജില്ലാ പൊതുയോഗം കണ്ണൂർ അശോക ഫാർമസ്യൂട്ടിക്കലിൽ നടന്നു. ജില്ലാ പ്രസിഡന്റ് പി.പി.രാജേഷ് മൈക്കീൽ യോഗം ഉദ്ഘാടനം ചെയ്തു. ആയുർവേദ വ്യവസായവുമായി ബന്ധപ്പെട്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഭേദഗതികൾ, ലൈസൻസുകൾ പുതുക്കുന്നതിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പുതുക്കിയ ലൈസൻസ് ഫീസുകൾ, റിട്ടെൻഷൻ സർട്ടിഫിക്കറ്റ്, ലേബലിങ്, സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും, E-aushadhi, TA Schedule എന്നീ വിഷയങ്ങളെക്കുറിച്ച് ഡ്രഗ്ഗ്സ് ഇൻസ്‌പെക്ടർ ഡോ. എ.എൻ.റംസിയ ക്ലാസ്സെടുത്തു. മാനേജർ വി.എം.സുരേഷ് ജില്ലകളിലെ മെമ്പർമാരുടെയും മെമ്പർഷിപ്പ് എടുക്കാത്തവരുടെയും കണക്ക് ജില്ലാ കമ്മറ്റിയെ അറിയിച്ചു. യോഗത്തിൽ പുതുതായി മെമ്പർഷിപ്പ് എടുത്ത നമ്പീശൻ അമൃതകൽപ്പ വൈദ്യശാലയുടെ പ്രതിനിധി സുനിലിനെ യോഗം അനുമോദിച്ചു. AMMOI ആയുർവേദ മേഖലയുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ഇടപെടലുകളെക്കുറിച്ചും യോഗത്തിൽ വിശദീകരിച്ചു. വെബ്സൈറ്റ് നവീകരണത്തിന്റെ ഭാഗമായി മെമ്പർമാരെ AMMOI Doc Drop Project നെ കുറിച്ച് വിശദീകരിച്ചു. ഡോ.രാജേഷ് മൈക്കീൽ ജില്ലാ പ്രസിഡന്റായും അർജ്ജുൻ ശ്രീവത്സനെ സെക്രട്ടറിയായും ശിവപ്രസാദ് ഷേണായിയെ ട്രഷറർ ആയും തെരഞ്ഞെടുത്തു. 2023 ഒക്ടോബറിൽ കോഴിക്കോട് നടത്താൻ തീരുമാനിച്ചിരിക്കുന്ന സംസ്ഥാന സമ്മേളനത്തിന് കണ്ണൂർ – കാസർകോഡ് ജില്ലകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന് യോഗത്തിൽ അറിയിച്ചു. ജില്ലാ സെക്രട്ടറി അർജ്ജുൻ ശ്രീവത്സൻ നന്ദി പറഞ്ഞു.


**കണ്ണൂർ – കാസർകോഡ് ഭാരവാഹികൾ**

പ്രസിഡന്റ്




പി.പി. രാജേഷ് വൈദ്യർ

സെക്രട്ടറി



അർജ്ജുൻ ശ്രീവത്സൻ

ട്രഷറർ



ശിവപ്രസാദ് ഷേണായ്



*സദസ്സ്*




*ഡോ. എ.എൻ. റംസിയക്ക് ഡോ. അർജ്ജുൻ ശ്രീവത്സൻ ഉപഹാരം നൽകുന്നു*

## കോട്ടയം – ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ




*കോട്ടയം - ഇടുക്കി ജില്ലാ സെക്രട്ടറി ഡോ. നിശാന്ത് ഗോപിനാഥ് സംസാരിക്കുന്നു*

AMMOI കോട്ടയം – ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളുടെ സംയുക്ത പൊതുയോഗം 22.7.2023 ശനിയാഴ്ച്ച രാവിലെ 10.00 മണിയ്ക്ക് കോട്ടയം ഹോട്ടൽ മാലി ഇന്റർനാഷണലിൽ നടന്നു. മാനേജർ വി.എം.സുരേഷ് കാര്യപരിപാടികളെക്കുറിച്ച് വിശദീകരിച്ചു. തുടർന്ന് കോട്ടയം – ഇടുക്കി ജില്ലാ സെക്രട്ടറി ഡോ.നിശാന്ത് ഗോപിനാഥ് യോഗം ഉദ്ഘാടനം ചെയ്തു.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഭേദഗതികൾ, ലൈസൻസുകൾ പുതുക്കുന്നതിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പുതുക്കിയ ലൈസൻസ് ഫീസുകൾ, റിട്ടെൻഷൻ സർട്ടിഫിക്കറ്റ്, ലേബലിങ്, സ്ഥാപനങ്ങളിൽ സൂക്ഷി



*ഡ്രഗ്സ് ഇൻസ്പെക്ടർ ഡോ. അധീഷ് സുന്ദറിന് ഡോ. ഷിനോയ് രാജൻ ഉപഹാരം നൽകുന്നു*



*സദസ്സ്*

ക്കേണ്ട രജിസ്റ്ററുകളും രേഖകളും, E-aushadhi, TA Schedule എന്നീ വിഷയങ്ങളെക്കുറിച്ച് ഡ്രഗ്ഗ്സ് ഇൻസ്പെക്ടർ ഡോ.അധീഷ് സുന്ദർ ക്ലാസ്സെടുത്തു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി. ലാബറട്ടറി കൈകാര്യം ചെയ്യുന്ന വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ആലുവയിൽ നടത്തിയ ജില്ലാ മീറ്റിങ്ങിന്റെ മാതൃകയിൽ ഈ ജില്ലകളിലും പ്രത്യേക ക്ലാസ്സുകൾ നടത്തുവാൻ ശ്രമിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

AMMOI മാനേജർ വി.എം.സുരേഷ് കോട്ടയം - ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ മെമ്പർമാരുടെയും മെമ്പർഷിപ്പ് എടുക്കാത്തവരുടെയും കണക്ക് ജില്ലാ കമ്മറ്റിയെ അറിയിച്ചു. യോഗത്തിൽ പുതുതായി മെമ്പർഷിപ്പ് എടുക്കുവാൻ തയ്യാറായി വന്ന മെമ്പർമാരേയും സ്വാഗതം ചെയ്തു. AMMOI ആയുർവേദ മേഖലയുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന ഇടപ്പെടലുകളെക്കുറിച്ചും യോഗത്തിൽ വിശദീകരിച്ചു.

**കോട്ടയം-ഇടുക്കി ഭാരവാഹികൾ**

പ്രസിഡന്റ്



ഡോ. ഗോപീ കൃഷ്ണൻ

സെക്രട്ടറി



ഡോ. നിശാന്ത് ഗോപിനാഥ്

ട്രഷറർ



ശങ്കരൻ നമ്പൂതിരി

**ആലപ്പുഴ ഭാരവാഹികൾ**

പ്രസിഡന്റ്



ഡോ. എം.എസ്. അനസ്

സെക്രട്ടറി



ഡോ. ഷിനോയ് രാജൻ

ട്രഷറർ



പ്രവീൺ പി.

ആയുർവേദത്തിനെതിരെ നടത്തുന്ന ദുഷ്പ്രചരണം ചെറുക്കുവാൻ മലയാളത്തിലെ പ്രമുഖ മാതൃഭൂമി, മനോരമ, മാഗസീനുകളിൽ പരസ്യം നൽകിയതിനെക്കുറിച്ചും വിക്കിപീഡിയ എഡിറ്റു ചെയ്യുന്നതിനെ സംബന്ധിച്ചും, മിനിമം വേജസ്സ്, ലീഗൽ മെട്രോളജി വിഷയങ്ങളിൽ AMMOI യുടെ ഇടപ്പെടലുകളെക്കുറിച്ചും വിശദീകരിച്ചു. ജി.എം.പി, ബയോഡൈവേഴ്സിറ്റി, അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവ്, ഔഷധങ്ങളുടെ ഗുണനിലവാരം എന്നീ വിഷയങ്ങളെക്കുറിച്ച് ഡോ.നിശാന്ത് ഗോപിനാഥ് വിശദീകരിച്ചു. ഇത്തരം ജില്ലാ മീറ്റിങ്ങുകളും ഡ്രഗ്ഗ് ഇൻസ്പെക്ടറുടെ ക്ലാസും മെമ്പർമാർക്ക് വളരെയധികം ഫലപ്രദമാണെന്നും അതിനാൽ മീറ്റിങ്ങുകളിൽ പരമാവധി മെമ്പർമാർ പങ്കെടുത്ത് പുതിയ വിവരങ്ങൾ അറിഞ്ഞിരിക്കണമെന്നും ഡോ.ഷിനോയ് രാജൻ അഭിപ്രായപ്പെട്ടു. മീറ്റിങ്ങിൽ പങ്കെടുത്ത മെമ്പർമാരേയും ക്ലാസെടുത്ത ഡോ. അധീഷ് സുന്ദറിനെയും അദ്ദേഹം അഭിനന്ദിച്ചു. AMMOI വെബ്സൈറ്റ് നവീകരണത്തിന്റെ ഭാഗമായി മെമ്പർമാരെ AMMOI Doc Drop Project നെ കുറിച്ച് മോഹനകൃഷ്ണൻ വിശദീകരിച്ചു. 2023 ഒകടടോബറിൽ കോഴിക്കോട് നടത്താൻ തീരുമാനിച്ചിരിക്കുന്ന സംസ്ഥാന സമ്മേളനത്തിന് ഈ ജില്ലകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന് യോഗത്തിൽ അറിയിച്ചു. തുടർന്ന് 4 ജില്ലകളുടെയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

**കോഴിക്കോട് -വയനാട്**




*ഡോ. വി. സത്യാനന്ദൻ നായർ സംസാരിക്കുന്നു*

AMMOI കോഴിക്കോട് -വയനാട് ജില്ലാ പൊതുയോഗം 23.7.2023 ഞായറാഴ്ച്ച രാവിലെ 10.00 ന് കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം ഹാളിൽ നടന്നു. ജില്ലാ സെക്രട്ടറി വി.കെ.ജാബീർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ഡോ.സത്യാനന്ദൻ നായർ യോഗം ഉദ്ഘാടനം ചെയ്തു. നിർമ്മാതാക്കൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചു.
തുടർന്ന് AMMOI ജനറൽ സെക്രട്ടറി ഡോ.ഡി.രാമനാഥൻ ആയുർവേദ മേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും




*AMMOI സംസ്ഥാന ജന. സെക്രട്ടറി ഡോ. ഡി. രാമനാഥൻ സംസാരിക്കുന്നു*




*ഡ്രഗ്സ് ഇൻസ്പെക്ടർ ഡോ. എ.എൻ. റംസിയയ്ക്ക് ഡോ. മനോജ് കാളൂർ ഉപഹാരം നൽകുന്നു*



*സദസ്സ്*

സംഘടനാതലത്തിൽ എടുക്കുന്ന നടപടികളെക്കുറിച്ചും വിശദീകരിച്ചു. AMMOI യുടെ കഴിഞ്ഞകാല പ്രവർത്തന റിപ്പോർട്ട് അദ്ദേഹം അവതരിപ്പിച്ചു. AMMOI സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് മെമ്പർമാരോട് സംസാരിച്ചു. കോഴിക്കോട് നിശ്ചയിച്ച 9-ാം സംസ്ഥാന സമ്മേളനത്തിന് ജില്ലാ കമ്മറ്റിയുടെ പൂർണ്ണ സഹകരണം അഭ്യർത്ഥിച്ചു.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഭേദഗതികൾ, ലൈസൻസുകൾ പുതുക്കുന്നതിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പുതുക്കിയ ലൈസൻസ് ഫീസുകൾ, റിട്ടെൻഷൻ സർട്ടിഫിക്കറ്റ്, ലേബലിങ്, സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും, E-aushadhi, TA Schedule എന്നീ വിഷയങ്ങളെക്കുറിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർ ഡോ. എ.എൻ. റംസിയ ക്ലാസ്സെടുത്തു. അംഗങ്ങളുമായി സംവദിച്ചു.

ഡോ.ഡി.രാമനാഥൻ കോഴിക്കോട് - വയനാട് ജില്ലകളിലെ മെമ്പർമാരുടെയും മെമ്പർഷിപ്പ് എടുക്കാത്തവരുടെയും കണക്ക് ജില്ലാ കമ്മറ്റിയെ അറിയിച്ചു. AMMOI വെബ്സൈറ്റ് നവീകരണത്തിന്റെ ഭാഗമായി മെമ്പർമാരെ AMMOI Doc Drop Project നെ കുറിച്ച് വിശദീകരിച്ചു. ട്രഷറർ അസ്‌ലം ഷാഹിദ് ജില്ലാ കമ്മറ്റിയുടെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുകയും മെമ്പർമാർ പാസാക്കുകയും ചെയ്തു. ജില്ലാ കമ്മറ്റി പുതുക്കി നിശ്ചയിക്കുന്നതിന്റെ ഭാഗമായി ഡോ.മനോജ് കാളൂർ ഭാരവാഹികളെ പരിചയപ്പെടുത്തി. അംഗങ്ങളെല്ലാവരും ഐക്യകണ്ഠേന പുതിയ കമ്മറ്റിയെ അംഗീകരിച്ചു. യോഗത്തിൽ ഡോ.എസ്. അശ്വതി നന്ദി രേഖപ്പെടുത്തി.

**കോഴിക്കോട് - വയനാട് ഭാരവാഹികൾ**

| പ്രസിഡന്റ് | സെക്രട്ടറി | ട്രഷറർ |
|---|---|---|
|  |  |  |
| ഡോ. സഹീർ അലി | ഡോ. സന്ദീപ് കിളിയങ്കണ്ടി | ഡോ. അശ്വതി എസ്. |

**പാലക്കാട്**




*വി.ആർ. തിലകൻ സംസാരിക്കുന്നു*

AMMOI പാലക്കാട് ജില്ലാ പൊതുയോഗം 05.08.2023 ന് ശനിയാഴ്ച്ച രാവിലെ 10.00 മണിയ്ക്ക് ഷൊർണ്ണൂർ ഹോട്ടൽ Maps റസിഡൻസിയിൽ നടന്നു. മാനേജർ വി.എം.സുരേഷ് സ്വാഗതം പറഞ്ഞു. കാര്യപരിപാടികളെക്കുറിച്ച് വിശദീകരിച്ചു. AMMOI ആയുർവേദ മേഖലയുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ഇടപ്പെടലുകളെക്കുറിച്ചും യോഗത്തിൽ വിശദീകരിച്ചു. ആയുർവേദത്തിനെതിരെ നടത്തുന്ന ദുഷ്പ്രചരണം ചെറുക്കുവാൻ സംഘടന നടത്തുന്ന ഇടപ്പെടലുകളെക്കുറിച്ച് സംസാരിച്ചു. പാലക്കാട് ജില്ലയിലെ മെമ്പർമാരുടെയും മെമ്പർഷിപ്പ് എടുക്കാത്തവരുടെയും കണക്ക് ജില്ലാ കമ്മറ്റിയെ അറിയിച്ചു.

ഡ്രഗ്ഗ്സ് ഇൻസ്പെക്ടർ ഡോ.അധീഷ് സുന്ദർ ആയുർവേദ വ്യവസായവുമായി ബന്ധപ്പെട്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് ഭേദഗതികൾ, ലൈസൻസുകൾ പുതുക്കുന്നതിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പുതുക്കിയ ലൈസൻസ് ഫീസുകൾ, റിട്ടെൻഷൻ സർട്ടിഫിക്കറ്റ്, ലേബലിങ്, സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും, E-aushadhi, TA Schedule, ലാബ് ടെസ്റ്റ് എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

നിലവിലെ പ്രസിഡന്റ് വി.ആർ.തിലകൻ സംഘടനയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുകയും സംഘടനയുടെ തുടർപ്രവർത്തനങ്ങൾ



ഡോ. വിജിത്ത് കെ.വി.



ഡോ. അധീഷ് സുന്ദർ



ഡ്രഗ്സ് ഇൻസ്പെക്ടർ ഡോ. അധീഷ് സുന്ദറിന്
വി.ആർ. തിലകൻ ഉപഹാരം നൽകുന്നു



സദസ്സ്

നല്ല രീതിയിൽ മുന്നോട്ടു നയിക്കുവാൻ എല്ലാ മെമ്പർമാരും കൃത്യമായി വരിസംഖ്യ പുതുക്കി നൽകണമെന്നും ഇനിയും ഔഷധം മെമ്പർഷിപ്പ് എടുക്കാത്തവർ അതിന്റെ ഭാഗമായി മെമ്പർഷിപ്പ് എടുത്ത് സംഘടനയെ സഹായിക്കണമെന്നും അഭിപ്രായപ്പെട്ടു. ജില്ലാ കമ്മറ്റി പുതുതായി തിരഞ്ഞെടുക്കുന്ന പാനലിലുള്ളവരെക്കുറിച്ച് യോഗത്തെ അറിയിച്ചു. യോഗം ഐക്യകണ്ഠേന അദ്ദേഹത്തിന്റെ തീരുമാനങ്ങൾ അംഗീകരിച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പുതുതായി കമ്മറ്റിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ഡോ. വിജിത്ത് സംഘടനയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ്ണ പിന്തുണ വാഗ്ദാനം ചെയ്തു. ജില്ലാ കമ്മറ്റിയിൽ തിരഞ്ഞെടുത്തതിന് നന്ദി അറിയിക്കുകയും ചെയ്തു.

AMMOI വെബ്സൈറ്റ് നവീകരണത്തിന്റെ ഭാഗമായി മെമ്പർമാരെ AMMOI Doc Drop Project നെ കുറിച്ച് മോഹനകൃഷ്ണൻ വിശദീകരിച്ചു. 2023 ഒക്ടോബറിൽ കോഴിക്കോട് നടത്താൻ തീരുമാനിച്ചിരിക്കുന്ന സംസ്ഥാന സമ്മേളനത്തിന് പാലക്കാട് ജില്ലയിലെ മെമ്പർമാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്ന് മാനേജർ യോഗത്തിൽ അറിയിച്ചു.

**പാലക്കാട് ഭാരവാഹികൾ**

പ്രസിഡന്റ്



ഡോ. വിജിത്ത് കെ.വി.

സെക്രട്ടറി



ഡോ. കെ.വി. കൃഷ്ണകുമാർ

ട്രഷറർ



പി.ബി. വിജയൻ

**09.06.2023 ന് ആലുവയിൽ നടന്ന എറണാകുളം ജില്ലാ പൊതുയോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ**

പ്രസിഡന്റ്



കെ.ആർ. ജയചന്ദ്രൻ

സെക്രട്ടറി



കെ.ജെ. തങ്കച്ചൻ

ട്രഷറർ



പി.യു. ബേബി

"ലോകം മുഴുവൻ വിശ്വാസപൂർവ്വം" ഉപയോഗിക്കുന്ന
ഫുഡ് ഗ്രേഡ് പേക്കിങ്ങ് ജാറുകൾക്കും, ബോട്ടിലുകൾക്കും.
- നിങ്ങളുടെ ഉൽപന്നങ്ങൾ ഞങ്ങളുടെ പേക്കിങ്ങുകളിൽ സുരക്ഷിതം,
- ഫുഡ് ഗ്രേഡ് കളറുകൾ മാത്രം ഉപയോഗിക്കുന്നു,
- 100% വെർജിൻ ഗ്രാനൂൾസ് മാത്രം ഉപയോഗിക്കുന്നു,
- മോൾഡ് ചെയ്യുന്നതിനുള്ള ടൂൾറും സൗകര്യം ലഭ്യമാണ്.

**BM POLY PACKS LLP**
V.R. Puram Post, Chalakudy,
Thrissur (Dt.) Kerala- 680 722.
0480-2701723, 3293500, 9400323676,
9745921222, 9846597938

